പതിമൂന്നാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: *15 08.02.2016 ൽ മറുപടിക്ക്

# കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവളം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.ഐ.സി.ബാലകൃഷ്ണൻ:<br>,, എ.പി.അബ്ദുള്ളക്കുട്ടി:<br>,, സണ്ണി ജോസഫ് :<br>,, ബെന്നി ബെഹനാൻ : | | കെ. ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി) | |
| എ) | കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവളം പദ്ധതി നടപ്പാക്കാൻ എന്തെല്ലാം കർമ്മ പദ്ധതികൾ ആസൂത്രണം ചെയ്തിട്ടുണ്ട്; | (എ) | 1. 2009 ഡിസംബറിൽ കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവള കമ്പനി രൂപീകരിച്ചു. പദ്ധതിക്കുവേണ്ടി ഏറ്റെടുക്കാനുദ്ദേശിച്ച 2200 ഏക്കർ ഭൂമിയിൽ 1278.89 ഏക്കർ ഭൂമി സർക്കാരിനുവേണ്ടി റവന്യൂ ഡിപ്പാർട്ട്മെന്റും സർക്കാരിന്റെ നോഡൽ ഏജൻസിയായ കിൻഫ്രയും ഒന്നും രണ്ടും ഘട്ടങ്ങളിൽ ഏറ്റെടുത്തു. മൂന്നാം ഘട്ട സ്ഥലമെടുപ്പിന്റെ ഭാഗമായി 785 ഏക്കർ ഭൂമി ഏറ്റെടുക്കാനുണ്ടായിരുന്നതിൽ ഇതുവരെയായി 612.12 ഏക്കർ ഭൂമി ഏറ്റെടുത്തുകഴിഞ്ഞു. ബാക്കി വരുന്ന ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നു.<br>2. റൺവെ നിർമ്മാണത്തിന് വേണ്ടി അടിയന്തിരമായി 10.25 ഏക്കർ ഭൂമി കിയാൽ നേരിട്ട് ഏറ്റെടുത്തു. എമർജൻസി റോഡിനുവേണ്ടി 40 സെന്റ് ഭൂമി ഏറ്റെടുക്കാനുള്ള നടപടികൾ നടന്നുവരുന്നു. റൺവെ 3400 മീറ്റർ നീട്ടാനുള്ള സർവ്വെ പൂർത്തിയാക്കി ആവശ്യമായ സ്ഥലം ഏറ്റെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.<br>3. കണ്ണൂർ എയർപോർട്ടിന്റെ മൂലധന സമാഹരണം ത്വരിതപ്പെടുത്തുന്നതിന് 04.04.2012 ൽ കണ്ണൂർ ഇന്റർനാഷണൽ എയർപോർട്ട് പ്രമോഷൻ സൊസൈറ്റി (കിയാപ്സ്) രൂപീകരിച്ചു.<br>4. എയ്കോം ഏഷ്യാകമ്പനിയെയും അവരുടെ സാമ്പത്തിക പങ്കാളികളായ ക്രിസലിനെയും കണ്ണൂർ എയർപോർട്ടിന്റെ പ്രോജക്റ്റ് കൺസൽട്ടന്റായി 2012 നവംബറിൽ നിയമിച്ചു.<br>5. എയർപോർട്ട് നിർമ്മാണ പ്രവർത്തനങ്ങളിൽ |

| | | | |
|---|---|---|---|
| | | | റൺവെ എയർസൈഡ് പ്രവർത്തികൾക്ക് 694 കോടി രൂപക്കുള്ള കരാർ 25.11.2013 നും ടെർമിനൽ ബിൽഡിംഗ് തുടങ്ങിയ നിർമ്മാണ പ്രവൃത്തികളുടെ 498.70 കോടി രൂപക്കുള്ള കരാർ 25.06.2014 നും ലാർസൺ & ട്രൂബ്രോ കമ്പനിക്ക് നൽകി പ്രവർത്തികൾ നടന്നുവരികയാണ്. ഇതുവരെയായി ഏകദേശം 62% പണികൾ പൂർത്തിയായി. പരീക്ഷണപറക്കലിനുള്ള സജ്ജീകരണങ്ങൾ പൂർത്തിയായി. ഡി.ജി.സിയുടെ ഇൻസ്പോക്ഷൻ കഴിഞ്ഞു.<br>6. വായ്പ ഇനത്തിലുള്ള 892 കോടി രൂപ സമാഹരിക്കുന്നതിന് ബാങ്കുകളുമായി ധാരണാപത്രം 21.05.2015 ന് ഒപ്പുവെച്ചു. (കാനറ ബാങ്ക്, ഫെഡറൽ ബാങ്ക്, സൗത്ത് ഇന്ത്യൻ ബാങ്ക് എന്നീ ബാങ്കുകളുടെ കൺസോർഷ്യം)<br>7. എയർപോർട്ട് അതോറിറ്റി ഓഫ് ഇന്ത്യയുമായി 100 കോടി രൂപക്കുള്ള ധാരണാ പത്രം 24.06.2015 ൽ ഒപ്പുവെച്ചു.<br>8. മെറ്റീരിയോളജിക്കൽ സർവ്വീസിനുവേണ്ടി മെറ്റീരിയോളജിക്കൽ വകുപ്പുമായി ധാരണാപത്രം ഒപ്പുവെച്ചു.<br>9. എ.ടി.എഫ് എയർക്രാഫ്റ്റ് ഫ്യൂവൽ ഫാം നടത്തുന്നതിനുള്ള ബി.പി.സി.എൽ-കിയാൽ പ്രൈവറ്റ് ലിമിറ്റഡ് എന്ന ജോയിന്റ് വെഞ്ച്വർ കമ്പനി രൂപീകരിച്ചു. (ബി.പി.സി.എൽ 76% കിയാൽ 24%)<br>10. ബാക്കിയുള്ള നിർമ്മാണ പ്രവർത്തികളായ ലിഫ്റ്റ്, എസ്കലേറ്റർ, ഫയർ ടെണ്ടർ തുടങ്ങിയവക്കുള്ള വർക്ക് അവാർഡ് ചെയ്തു. വാണിജ്യാടിസ്ഥാനത്തിൽ എയർപോർട്ട് 2016 സെപ്തംബറിൽ പ്രവർത്തന സജ്ജമാകുമെന്ന് പ്രതീക്ഷിക്കുന്നു. |
| **(ബി)** | പ്രസ്തുത പദ്ധതി നടപ്പാക്കാൻ എന്തെല്ലാം കേന്ദ്രസഹായമാണ് ലഭിക്കേണ്ടത്; വിശദമാക്കുമോ; | **(ബി)** | ഡി.ജി.സി.എ ലൈസൻസും ടെലികമ്മ്യൂണിക്കേഷൻ മന്ത്രാലയത്തിന്റെയും BCAS ന്റെയും ക്ലിയറൻസും ലഭിക്കണം, കൂടാതെ കസ്റ്റംസുമായും CISF വുമായും ധാരണാപത്രം ഒപ്പുവയ്ക്കേണ്ടതായിട്ടുണ്ട്. |

| | | | |
|---|---|---|---|
| **(സി)** | പദ്ധതി നടത്തിപ്പിനുള്ള ടെൻഡർ നടപടികളും പ്രവർത്തികളും ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ? | **(സി)** | **റൺവെ, ടാക്സിവേ, ഏപ്രൺ, അനുബന്ധ സൗകര്യങ്ങളായ സബ് സ്റ്റേഷൻ, സി.സി.ആർ ബിൽഡിംഗ്, ഫയർ സ്റ്റേഷൻ, ചുറ്റുമതിൽ, ഓവുചാൽ, നിലവിലുള്ള റോഡിൽ നിന്നുള്ള പ്രധാന കവാടം, കാർപാർക്കിംഗ് മുതലായവയുടെ പ്രവർത്തിക്ക് 05.11.2013 ന് സാമ്പത്തിക ബിഡ് തുറക്കുകയും ഏറ്റവും കുറഞ്ഞ കരാർ തുക (694 കോടിരൂപ) രേഖപ്പെടുത്തിയ എൽ&ടിക്ക് 05.11.2013 ന് വർക്ക് അവാർഡ് ചെയ്യുകയും ചെയ്തു. പ്രവൃത്തി 75% പൂർത്തിയായി.**<br>**ഇന്റഗ്രേറ്റഡ് ടെർമിനൽ ബിൽഡിംഗ്, എ.ടി.സി ടവർ, ടെക്നിക്കൽ ബിൽഡിംഗും ഇ&എം ഉപകരണങ്ങളും മറ്റ് പ്രധാന സേവനങ്ങൾ ഉൾപ്പെടുന്ന പണിക്ക് ടെണ്ടർ നടപടികൾക്കുശേഷം ഏറ്റവും കുറഞ്ഞ തുകയായ 498 കോടി രൂപ ക്വാട്ട് ചെയ്ത് ബിഡ് സമർപ്പിച്ച ലാർസൺ&ട്യൂബ്രോ കമ്പനിക്ക് 25.06.2014 ന് വർക്ക് അവാർഡ് ചെയ്തു. പ്രവൃത്തി 62% പൂർത്തിയായി.**<br>**മറ്റു പ്രവർത്തികളായ ലിഫ്റ്റ്, എലിവേറ്റർ, എസ്കലേറ്റർ, കൺവേയർ, ഫയർ ടെണ്ടർ മുതലായവയുടെ ടെണ്ടർ അവാർഡ് ചെയ്തു കഴിഞ്ഞു. മൊത്തം പണിയുടെ ഏകദേശം 62% പൂർത്തിയായി.** |

**സെക്ഷൻ ഓഫീസർ**